**പതിനഞ്ചാം കേരള നിയമസഭ**

**എസ്റ്റിമേറ്റ്സ് കമ്മിറ്റി**
**(2023-26)**

**പത്തൊൻപതാമത് റിപ്പോർട്ട്**

**[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2019-2021)യുടെ ഇരുപത്തൊന്നാമത് റിപ്പോർട്ടിലെ (കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന്റെ പ്രവർത്തനം സംബന്ധിച്ച്) ശിപാർശകളിന്മേൽ /നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച റിപ്പോർട്ട്]**

[2025 മാർച്ച് മാസം 25 -ാം തീയതി സഭയിൽ സമർപ്പിച്ചത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

പതിനഞ്ചാം കേരള നിയമസഭ

എസ്റ്റിമേറ്റ്സ് കമ്മിറ്റി
(2023-26)

പത്തൊൻപതാമത് റിപ്പോർട്ട്

[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2019-2021)യുടെ ഇരുപത്തൊന്നാമത് റിപ്പോർട്ടിലെ (കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന്റെ പ്രവർത്തനം സംബന്ധിച്ച്) ശിപാർശകളിന്മേൽ /നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച റിപ്പോർട്ട്]

## ഉള്ളടക്കം


| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | : | v |
| മുഖവുര | : | vii |
| അധ്യായം I : റിപ്പോർട്ട് | : | |
| അധ്യായം II : ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | : | |

## എസ്റ്റിമേറ്റ്സ് കമ്മിറ്റി (2023-26)

**ഘടന**

**ചെയർപേഴ്സൺ**

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ

**അംഗങ്ങൾ**

ശ്രീ. ആന്റണി രാജു

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ശ്രീ. പി.പി. ചിത്തരഞ്ജൻ

ശ്രീ. ജി.എസ്. ജയലാൽ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. എം.എം. മണി

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. പി.ടി.എ. റഹീം

ശ്രീ. എൻ. ഷംസുദ്ദീൻ

**നിയമസഭാ സെക്രട്ടേറിയറ്റ്**

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ആർ.എസ്. സന്തോഷ്കുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. ഷാജി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വിനോദ്കുമാർ എം.കെ., അണ്ടർ സെക്രട്ടറി

## മുഖവുര

എസ്റ്റിമേറ്റ്സ് കമ്മിറ്റി (2023-26)-യുടെ ചെയർപേഴ്സണായ ഞാൻ സമിതിയുടെ നിയോഗാനുസരണം പത്തൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2019-2021) -യുടെ ഇരുപത്തൊന്നാമത് റിപ്പോർട്ട് (കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന്റെ പ്രവർത്തനം സംബന്ധിച്ച്) 2019 നവംബർ 5-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 23 ഖണ്ഡികകളിലായി ആകെ 16 ശിപാർശകളാണുണ്ടായിരുന്നത്. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സമിതി ആരാഞ്ഞ അധികവിവരങ്ങളും അവയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടികളിൽ സമിതി അംഗീകരിച്ചവയും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2025 മാർച്ച് 19-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**കെ.കെ. ശൈലജ ടീച്ചർ**
ചെയർപേഴ്സൺ
എസ്റ്റിമേറ്റ്സ് കമ്മിറ്റി

തിരുവനന്തപുരം,
2025 മാർച്ച് 25

## റിപ്പോർട്ട്

## അദ്ധ്യായം I

പതിനാലാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2019-21)യുടെ കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന്റെ പ്രവർത്തനം സംബന്ധിച്ച ഇരുപത്തൊന്നാമത് റിപ്പോർട്ട് 2019 നവംബർ 5 ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ആകെ 16 ശിപാർശകളാണുണ്ടായിരുന്നത്.

ശിപാർശകളിന്മേൽ അനന്തരനടപടികൾ സ്വീകരിക്കുന്നതിന് പ്രസ്തുത റിപ്പോർട്ട് 05.02.2020-ന് സർക്കാരിലേയ്ക്ക് അയച്ചുകൊടുത്തിരുന്നു. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ആരോഗ്യകുടുംബക്ഷേമ വകുപ്പ് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന സമാഹൃത കുറിപ്പുകൾ 02.08.2022, 11.09.2023 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിലും 28.11.2024-ന് ചേർന്ന തെളിവെടുപ്പ് യോഗത്തിലുമായി സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതി (2019-21)യുടെ കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന്റെ പ്രവർത്തനം സംബന്ധിച്ച ഇരുപത്തൊന്നാമത് റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടികളിൽ സമിതി അംഗീകരിച്ചവ ഈ റിപ്പോർട്ടിന്റെ രണ്ടാം അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## അദ്ധ്യായം II

### ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ

[ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളാണ്]

### ശിപാർശ 1 (ഖണ്ഡിക 8)

റിസർച്ച് വിഭാഗം ഉൾപ്പെടെയുള്ള വിപുലമായ സംവിധാനങ്ങൾ ഒരുക്കേണ്ട പ്രസ്തുത സെന്ററിന്റെ കെട്ടിടം നിർമ്മാണഘട്ടത്തിൽ തന്നെ ഗുണനിലവാരക്കുറവുമൂലം പൊളിച്ചു മാറ്റേണ്ടി വന്ന സാഹചര്യത്തിലും നിർമ്മാണം ഇഴഞ്ഞുനീങ്ങുന്ന സാഹചര്യത്തിലും അവശ്യ പദ്ധതി എന്ന നിലയിൽ കൃത്യസമയത്ത് നിർമ്മാണം പൂർത്തിയാക്കുവാൻ കർശന ഇടപെടലുകൾ ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. നിലവിലെ സാഹചര്യം സെന്ററിന്റെ നിർമ്മാണം അനന്തമായി നീണ്ടുപോകുന്ന തരത്തിലാണെന്നും സമിതി വിലയിരുത്തുന്നു. അതിനാൽ നിശ്ചിത സമയപരിധിക്കുള്ളിൽ പോരായ്മകൾ

ഇല്ലാതെ കെട്ടിടനിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്ററിന്റെ നിർമ്മാണം പി ആന്റ് സി എന്ന കമ്പനിയെയാണ് ഏൽപ്പിച്ചിരുന്നത്. നിർമ്മാണ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്നത് എസ്.പി.വി.യായ ഇൻകൽ ലിമിറ്റഡാണ്. നിർമ്മാണ കരാറിലെ വ്യവസ്ഥകൾക്ക് അനുസൃതമായി നിർമ്മാണ പ്രവർത്തനങ്ങൾ നടക്കാതെ വന്നതിനെത്തുടർന്ന് പ്രസ്തുത കരാർ റദ്ദാക്കുകയും തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾ പുതിയ കമ്പനിയായ ജതിൻ കൺസ്ട്രക്ഷന് നൽകുകയും ചെയ്തു. തുടർന്ന് 22.10.2021-ന് കൂടിയ സി.സി.ആർ.സി.യുടെ യോഗത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകാൻ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 10.11.2021-ൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും എ ബ്ലോക്കിന്റ 2 നിലയുടെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ബി, സി, ഡി ബ്ലോക്കുകളുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**<u>ശിപാർശ 2 (ഖണ്ഡിക 9)</u>**

സി.സി.ആർ.സി. കെട്ടിടം നിർമ്മിക്കുമ്പോൾ റേഡിയേഷൻ ഉപകരണങ്ങളും മറ്റും സൂക്ഷിക്കാനായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ ഭിത്തിയുടെ ഘനത്തിന് പ്രത്യേക പ്രാധാന്യം നൽകേണ്ടതുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഇത്തരം ആവശ്യങ്ങൾ മുൻകൂട്ടി കണക്കാക്കിയിട്ടുണ്ടെന്നും നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുമ്പോൾ കെട്ടിടത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

ഗുണനിലവാരത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിനായി കെട്ടിടനിർമ്മാണ സ്ഥലത്ത് ഒരു ഡെപ്യൂട്ടി ജനറൽ മാനേജർ ഉൾപ്പെടെ പത്ത് എഞ്ചിനീയർമാർ ഉൾപ്പെടുന്ന ഒരു മുഴുവൻ സമയ പദ്ധതി നിർവഹണ സമിതിയെ നിയോഗിക്കുകയുണ്ടായി. മൂന്നു തട്ടുകളിലുള്ള ഗുണനിലവര പരിശോധന വഴി ഗുണനിലവാരം ഉറപ്പു വരുത്തുന്നു. കെട്ടിട നിർമ്മാണ സാമഗ്രികൾക്ക് CPWD പ്രകാരമുള്ള ഗുണനിലവാര പരിശോധന ഉറപ്പു വരുത്താനും അതിനായി കെട്ടിടനിർമ്മാണ സ്ഥലത്തു തന്നെ എല്ലാ സൗകര്യങ്ങളോടും

കൂടിയ പരിശോധനാ ലാബുകൾ നിലവിലുണ്ട്. ഇതിനു പുറമേ പത്തു ശതമാനം സാമഗ്രികൾ ഈ രംഗത്തെ മറ്റു കാര്യക്ഷമമായ ലാബുകൾ പ്രവർത്തിക്കുന്ന കുസാറ്റ്, ബ്യൂറോ വെരിറ്റാസ്, കൊച്ചിൻഷിപ്യാർഡ് എന്നിവിടങ്ങളിലേക്ക് അയക്കുകയും ചെയ്യുന്നു. സ്റ്റീലും സിമന്റും മേൽപ്പറഞ്ഞ ലാബുകളിൽ മാത്രമേ പരിശോധന നടത്തുന്നുള്ളൂ. തൊഴിൽ വൈദഗ്ധ്യം ഡിസ്ട്രക്ടീവ് ടെസ്റ്റ്, നോൺ ഡിസ്ട്രക്ടീവ് ടെസ്റ്റുകളും പ്രകാരം നടത്തിവരുന്നു. കോൺക്രീറ്റ് ക്യൂബുകൾ അൾട്രാസോണിക് പൾസ് വെലോസിറ്റി ടെസ്റ്റുകൾ റീ-ബൗണ്ട് ഹമ്മർ ടെസ്റ്റുകൾ, കോൺക്രീറ്റ് കോർ കട്ടിങ് ആൻഡ് ടെസ്റ്റിംഗ് മുതലായവ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി നടത്തിവരുന്ന കെട്ടിടനിർമ്മാണ സ്ഥലത്തെ മേൽപറഞ്ഞ ടെസ്റ്റുകൾക്കു പുറമെ ഇൻകെലിലെ ഗുണനിലവാര പരിശോധനാ ടീമിന്റെ നേതൃത്വത്തിൽ രണ്ടാം പടിയായി ഉള്ള ഗുണനിലവാര പരിശോധനയും ഓഡിറ്റും നടത്തിവരുന്നു. കെട്ടിട നിർമ്മാണ സ്ഥലത്തെ ഗുണനിലവാര പരിശോധനാ ടീമിന്റെ പരിശോധനകൾ ഒന്ന് കൂടി വിശദമായി പരിശോധിക്കുകയും കൂടുതൽ സാങ്കേതിക പരിശോധന ടെസ്റ്റുകൾ നടത്തുകയും അതിൻ പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ഇതെല്ലാം രേഖപ്പെടുത്തുകയും ചെയ്യുന്നു. മൂന്നാം പടിയായുള്ള ഗുണനിലവാരം പരിശോധനയുടെ ഭാഗമായി കിഫ്ബിയുടെ ഗുണനിലവാരം പരിശോധന വിഭാഗം കൃത്യമായ കാലയളവിൽ സന്ദർശനം നടത്തുകയും ഇൻകെലിന്റെ ഗുണനിലവാര പരിശോധന വിലയിരുത്തുകയും കൂടുതൽ ടെസ്റ്റുകൾ നടത്തുകയും പോരായ്മകൾ കണ്ടാൽ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നു. അതിൻ പ്രകാരം കിഫ്ബി നിരീക്ഷണ മെമ്മോകൾ നൽകിവരികയും അതിൻ പ്രകാരം സ്വീകരിച്ച നടപടിക്രമങ്ങളുടെ റിപ്പോർട്ട് ത്രിഭിന്ന ചേരികളുടെ കരാറിൻ പ്രകാരം ഒരാഴ്ചയ്ക്കകത്തു കിഫ്ബിക്കു നൽകാനും നിർദ്ദേശിച്ചു പോരുകയും ചെയ്തു വരുന്നു.

**ശിപാർശ 3 (ഖണ്ഡിക 10)**

കെട്ടിട നിർമ്മാണം യഥാസമയം പൂർത്തികരിക്കുന്നതിനാവശ്യമായത്ര തൊഴിലാളികളെ ദിവസേന നിയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും അപ്രകാരം ആവശ്യത്തിന് തൊഴിലാളികളെ നിയോഗിക്കാത്ത പക്ഷം നിർമ്മാണ പ്രവർത്തനം തുടരുവാൻ കമ്പനിയെ അനുവദിക്കരുതെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

ഇൻകെലിന്റേയും കിഫ്ബിയുടെയും നേതൃത്വത്തിലുള്ള പരിശോധനകൾക്കു പുറമേ CCRC എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ച കെട്ടിട നിർമ്മാണ പുരോഗതി അവലോകന

കമ്മിറ്റിയും കെട്ടിട നിർമ്മാണം കൃത്യമായി നിരീക്ഷിക്കുന്നു. CCRC ഡയറക്ടർ, മെഡിക്കൽ സൂപ്രണ്ട് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവരടങ്ങുന്ന ഈ കമ്മിറ്റിയുടെ ചെയർമാൻ സ്പെഷ്യൽ ഓഫീസറാണ്. ഈ കമ്മിറ്റി ഇൻകെലിന്റെ സീനിയർ പ്രൊജക്ട് മാനേജ്മെന്റ് ടീമിനോടൊപ്പം ആഴ്ചതോറും കോൺട്രാക്ടറുമായി പദ്ധതി നിർമ്മാണ സ്ഥലത്തു നിർമ്മാണ പുരോഗതി വിലയിരുത്തുവാൻ യോഗം ചേരുന്നു. കൂടാതെ രണ്ടാഴ്ച തോറും CCRC സ്പെഷ്യൽ ഓഫീസർ കൂടിയായ ജില്ലാ കളക്ടറുടെ സാന്നിധ്യത്തിൽ CCRC ഡയറക്ടർ ഇൻകെൽ പ്രതിനിധികൾ, കോൺട്രാക്ടർ എന്നിവരുടെ സാന്നിധ്യത്തിൽ യോഗം ചേർന്ന് നിർമ്മാണ പുരോഗതി വിലയിരുത്തുകയും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരികയും ചെയ്യുന്നുണ്ട്.

**<u>ശിപാർശ 4 (ഖണ്ഡിക 11)</u>**

കെട്ടിടനിർമ്മാണത്തിന് മേൽനോട്ടം വഹിച്ച് കൃത്യമായി വിലയിരുത്തുന്നതിനും നിർമ്മാണ പ്രവർത്തനങ്ങളും പ്രവൃത്തിയുടെ ഗുണനിലവാരവും പരിശോധിക്കുന്നതിനും നിർമ്മാണ സ്ഥലത്ത് ഒരു ഓഫീസറുടെ സാന്നിധ്യം ഉണ്ടാകേണ്ടത് അനിവാര്യമാണെന്ന് സമിതി കരുതുന്നു. ഏറെ പ്രാധാന്യം അർഹിക്കുന്ന പ്രസ്തുത കെട്ടിടത്തിന്റെ ദൈനംദിന നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുഴുവൻ സമയ മേൽനോട്ടം വഹിക്കുന്നതിനായി ഒരു പ്രോജക്ട് ഓഫീസറെ നിയമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ മേൽനോട്ടം വഹിക്കുന്നതിനായി സർക്കാർ എറണാകുളം ജില്ലാ കളക്ടർക്ക് അധിക ചുമതല നൽകി അദ്ദേഹത്തെ കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന്റെ സ്പെഷ്യൽ ഓഫീസർ ആയി നിയമിച്ചിട്ടുണ്ട്. കൂടാതെ സി.സി.ആർ.സി.യുടെ കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പൂർണ്ണ സമയ മേൽനോട്ടത്തിനായി ഒരു പ്രോജക്ട് ഓഫീസറെ ഇൻകൽ നിയമിച്ചിട്ടുണ്ട്.

**<u>ശിപാർശ 5 (ഖണ്ഡിക 12)</u>**

58% പണി തീരേണ്ട സമയത്ത് 18% നിർമ്മാണം മാത്രം നടക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ കോൺട്രാക്ടറോട് നിരവധി തവണ ആവശ്യപ്പെട്ടിട്ടും കാര്യമായ മാറ്റം ഉണ്ടാകാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ കൃത്യസമയത്ത് തന്നെ നിർമ്മാണം പൂർത്തിയാക്കുന്നതിനായി കെട്ടിടത്തിന്റെ ഇനിയും പണിതീരാൻ അവശേഷിക്കുന്ന ഓരോ നില അല്ലെങ്കിൽ നിശ്ചിത ചതുരശ്ര അടിയുടെ പണി

തീർക്കുന്നതിനായി കൃത്യമായ സമയക്രമം കണക്കാക്കി ആയത് പ്രകാരം ഓരോ ഘട്ടവും പൂർത്തീകരിക്കുന്നതിനും നിർമ്മാണം പൂർണ്ണമായി നിശ്ചയിച്ച സമയപരിധിക്കുള്ളിൽ തീർക്കുന്നതിനുമുള്ള ഒരു കരാറിൽ കോൺട്രാക്ടറുമായി ഏർപ്പെടണം എന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

ഇത്തരത്തിലുള്ള ഒരു കരാർ ഉടനടി നടപ്പിൽ വരുത്തിയാൽ സമയബന്ധിതമായി പണി നിശ്ചിത സമയത്തു തന്നെ പൂർത്തീകരിക്കുവാൻ സഹായിക്കും. ഇക്കാര്യത്തിൽ സി.സി.ആർ.സി. ഡയറക്ടറും ഇൻകൽ കോൺട്രാക്ടറുമായി സ്പെഷ്യൽ ഓഫീസറുടെ സാന്നിധ്യത്തിൽ ചർച്ച നടത്തി അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്. കൂടാതെ എ ബ്ലോക്കിന്റെ 2 നിലയുടെ നിർമ്മാണം ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്. ബി, സി, ഡി ബ്ലോക്കുകളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**ശിപാർശ 6 (ഖണ്ഡിക 13)**

സി.സി.ആർ.സി.യുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതല നിർവ്വഹിക്കുന്നതിനായി ഒരു ഫുൾടൈം സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

നിലവിൽ എറണാകുളം ജില്ലാ കളക്ടറെ സി.സി.ആർ.സി.യുടെ സ്പെഷ്യൽ ഓഫീസറായി സർക്കാർ നിയമിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജില്ലാ കളക്ടറുടെ സേവനം ആവശ്യമാണ്.

**ശിപാർശ 7 (ഖണ്ഡിക 14)**

സ്പെഷ്യൽ ഓഫീസർ, പ്രോജക്ട് ഓഫീസർ, സെന്റർ ഡയറക്ടർ, ഇൻകെൽ പ്രതിനിധി, സ്ഥലത്തെ പ്രമുഖർ തുടങ്ങിയവർ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിച്ച് അവലോകന യോഗം ചേർന്ന് നിർമ്മാണപുരോഗതി കൃത്യമായി കണക്കാക്കിയാൽ നിർമ്മാണ പുരോഗതി ഉണ്ടാകുമെന്നതിനാൽ സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ ഒരു സബ്കമ്മിറ്റി രൂപീകരിച്ച് ആഴ്ചതോറും അവലോകനയോഗം ചേർന്ന് തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

ഇപ്പോൾ പ്രസ്തുത ആവശ്യത്തിലേക്കായി സ്പെഷ്യൽ ഓഫീസർ, പ്രോജക്ട് ഓഫീസർ,

സെന്റർ ഡയറക്ടർ, ഇൻകൽ പ്രതിനിധി തുടങ്ങിയവർ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നിലവിൽ രണ്ടാഴ്ച തോറും CCRC സ്പെഷ്യൽ ഓഫീസർ കൂടിയായ ബഹു.ജില്ലാ കളക്ടറുടെ സാന്നിധ്യത്തിൽ CCRC ഡയറക്ടർ, ഇൻകെൽ പ്രതിനിധികൾ, കോൺട്രാക്ടർ എന്നിവരുടെ സാന്നിധ്യത്തിൽ യോഗം ചേർന്ന് നിർമ്മാണ പുരോഗതി വിലയിരുത്തുകയും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരികയും ചെയ്യുന്നുണ്ട്.

**<u>ശിപാർശ 8 (ഖണ്ഡിക 15)</u>**

കെട്ടിട നിർമ്മാണത്തിൽ ഇൻകലിന് കാര്യമായ പങ്ക് ഉണ്ടെന്ന് സമിതി കണക്കാക്കുന്നു. ആയതിനാൽ ഇൻകൽ-ന്റെ ഒരു പ്രതിനിധി പ്രവൃത്തി സ്ഥലത്ത് ഉണ്ടാകണമെന്നും ദൈനംദിന നിർമ്മാണ പുരോഗതി പ്രോജക്ട് ഓഫീസർ രേഖപ്പെടുത്തി സ്പെഷ്യൽ ഓഫീസറെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

ഇപ്പോൾ നിർമ്മാണ പുരോഗതി കൃത്യമായ ഇടവേളകളിൽ വിലയിരുത്തപ്പെടുന്നുണ്ട്. രണ്ടാഴ്ച തോറും CCRC സ്പെഷ്യൽ ഓഫീസർ കൂടിയായ ജില്ലാ കളക്ടറുടെ സാന്നിധ്യത്തിൽ CCRC ഡയറക്ടർ ഇൻകൽ പ്രതിനിധികൾ, കോൺട്രാക്ടർ എന്നിവരുടെ സാന്നിധ്യത്തിൽ യോഗം ചേർന്ന് നിർമ്മാണ പുരോഗതി വിലയിരുത്തുകയും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരികയും ചെയ്യുന്നു.

**<u>ശിപാർശ 9 (ഖണ്ഡിക 16)</u>**

കേരളത്തിന്റെ തന്നെ അഭിമാന പദ്ധതിയായി മാറേണ്ട സി.സി.ആർ.സി.യുടെ നിർമ്മാണത്തിന് അർഹിക്കുന്ന പ്രാധാന്യം നൽകി കൃത്യസമയത്ത് നിർമ്മാണം പൂർത്തിയാക്കി ആശുപത്രി പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുവാൻ നടപടി സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്.

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

കേരളത്തിന്റെ തന്നെ അഭിമാന പദ്ധതിയായി മാറേണ്ട സി.സി.ആർ.സി.യുടെ നിർമ്മാണ പ്രവർത്തനങ്ങൾ അതിവേഗതയിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**<u>ശിപാർശ 10 (ഖണ്ഡിക 17)</u>**

2019-20-ൽ അനുവദിച്ചിട്ടുള്ള 15 കോടി രൂപ ശരിയായ വിധത്തിൽ സമയപരിധിക്കുള്ളിൽ വിനിയോഗിക്കുന്നതിന് കർശന നടപടി സ്വീകരിക്കണമെന്ന്

സമിതി ശിപാർശ ചെയ്യുന്നു.

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

2019-20 കാലയളവിൽ പദ്ധതി വിഹിതമായി 14.58 കോടി രൂപ അനുവദിച്ചു. ഇതിൽ 676.27 ലക്ഷം രൂപ ഉപകരണങ്ങൾ വാങ്ങാനായി നീക്കി വച്ചു. 2019-20-ൽ പദ്ധതിയിനത്തിൽ CCRC ക്ക് മേൽപ്പറഞ്ഞ തുക ഒക്ടോബറിൽ അനുവദിച്ചിട്ടുണ്ട്.

**<u>ശിപാർശ 11 (ഖണ്ഡിക 18)</u>**

കിടത്തി ചികിത്സ ആവശ്യമായ രോഗികൾക്ക് പരമാവധി സഹായകമാകുന്ന വിധത്തിൽ നിലവിലുള്ള സംവിധാനത്തിൽ ഇരുപതു കിടക്കകളും കിടത്തി ചികിത്സക്കായി സജ്ജീകരിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

CCRC ക്കായി മെഡിക്കൽ കോളേജിലെ പേവാർഡ് ബ്ലോക്കായി വിഭാവനം ചെയ്ത കെട്ടിടമാണ് ലഭ്യമാക്കിയിട്ടുള്ളത്. സ്ഥല പരിമിതിക്കു പുറമേ ഒരു ആശുപത്രിക്കായി വിഭാവനം ചെയ്യാത്തതുൾപ്പെടെയുള്ള പരിമിതികൾ അതിനാൽ തന്നെ ഈ കെട്ടിടത്തിനുണ്ട്. CCRC യുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതി വാങ്ങിയതിന് ശേഷം കിടത്തി ചികിത്സിക്കാനുതകുന്ന വിധത്തിൽ കെട്ടിടത്തിനകത്തെ രൂപകല്പനയിൽ മാറ്റം വരുത്താനുള്ള നിർമ്മാണ പ്രക്രിയകൾ 2019 ജനുവരിയിൽ ആരംഭിക്കുകയും 2019 ജൂലൈയിൽ പൂർത്തീകരിക്കുകയും ചെയ്തു. ഇത് കൂടാതെ ഇരുപത്തിനാലു മണിക്കൂറും സേവനങ്ങൾ ലഭ്യമാകുന്നതിനായി മെഡിക്കൽ ഓഫീസർ, നഴ്സിംഗ് സ്റ്റാഫ്, മറ്റനുബന്ധ ജീവനക്കാർ എന്നിവരെ പുതുതായി നിയമിക്കേണ്ടതായും വന്നു. ഇതിനായി പുതുതായി 35 തസ്തികകൾ സൃഷ്ടിക്കാനും കൂടുതലായി 84 ജീവനക്കാരെ നിയമിക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആവശ്യകതക്കനുസരിച്ചു ഘട്ടം ഘട്ടമായി പുതിയ നിയമനങ്ങൾ നടത്തിയതിൻ പ്രകാരം ഇപ്പോൾ ആകെ 76 ജീവനക്കാർ ഈ ആശുപത്രിയിൽ സേവനം അനുഷ്ഠിച്ചു വരുന്നു.

സ്റ്റാഫുകളുടെ ലഭ്യതയോടെ ഇരുപത്തിനാലു മണിക്കൂറും സേവനം എന്ന ലക്ഷ്യം കൈവരിക്കാൻ CCRC-യ്ക്ക് ഈ കാലയളവിൽ സാധിച്ചു. ഓഗസ്റ്റിൽ ആറ് കിടക്കകൾ എന്ന നിലയിൽ തുടങ്ങി ഇപ്പോൾ ഇരുപതു കിടക്കകൾ എന്ന നിലയിലേക്ക് എത്തിച്ചേരാൻ

സാധിച്ചു. ഈ കെട്ടിടത്തിൽ നൽകാവുന്ന ഏറ്റവും ഉയർന്ന പരിധിയാണ് ഈ സൗകര്യങ്ങൾ.

**ശിപാർശ 12 (ഖണ്ഡിക 19)**

ഡയറക്ടറും സൂപ്രണ്ടും ഉൾപ്പെടെ മൂന്ന് സർജൻമാരുടെ സേവനവും സ്വന്തമായി ഓപ്പറേഷൻ തിയേറ്ററും ഉള്ള സാഹചര്യത്തിൽ സി.സി.ആർ.സി.-യിൽ പ്രസ്തുത ഓപ്പറേഷൻ തിയേറ്ററിന്റെ സൗകര്യങ്ങൾ വിപുലീകരിച്ച് ചികിത്സക്കെത്തുന്ന രോഗികളുടെ ചികിത്സയോടനുബന്ധിച്ച് ആവശ്യമായി വരുന്ന മേജർ ശസ്ത്രക്രിയ ഉൾപ്പെടെയുള്ള പരമാവധി ശസ്ത്രക്രിയകൾ അവിടെ തന്നെ നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

CCRC-യിൽ നിലവിൽ ഹെഡ് ആൻഡ് നെക്ക് ഓങ്കോളജി, ഗൈനക്കോളജിക്കൽ ഓങ്കോളജി എന്നിവയിൽ വൈദഗ്ധ്യമുള്ള അഞ്ചു സർജൻമാർ സേവനമനുഷ്ഠിക്കുന്നുണ്ട്. ആദ്യഘട്ടങ്ങളിൽ ഓപ്പറേഷൻ തീയറ്ററിന്റേയും കിടത്തി ചികിത്സയ്ക്കുള്ള സൗകര്യങ്ങളുടെയും അഭാവം മൂലം ശസ്ത്രക്രിയകൾ നടത്താൻ സാധിച്ചിരുന്നില്ല. എന്നിരുന്നാലും ജനുവരി 2017 മുതൽക്ക് മെഡിക്കൽ കോളേജിലെ വിവിധ സർജിക്കൽ വകുപ്പുകളായ ഗൈനക്കോളജി, ഓറൽ ആൻഡ് മാക്സിലോഫേഷ്യൽ സർജറി, ജനറൽ സർജറി, ഇ.എൻ.ടി. എന്നിവയുമായി സഹകരിച്ചു വിവിധ തരത്തിലുള്ള കാൻസർ ശസ്ത്രക്രിയകൾ നടത്തി വന്നു. അതിനു ശേഷം 01.07.2017-ൽ മെഡിക്കൽ കോളേജിലെ ഒരു ഓപ്പറേഷൻ തീയേറ്ററും സർജിക്കൽ ഐ.സി.യു.-വിൽ ബെഡ്സൗകര്യവും ലഭ്യമാക്കാനായി ഒരു MOU സൈൻ ചെയ്യുകയുണ്ടായി CCRC-യ്ക്ക് അനുവദിച്ച ശസ്ത്രക്രിയാമുറി ശസ്ത്രക്രിയ നടത്തുവാൻ പാകത്തിനായി എയർകണ്ടീഷന്റെ ഫിൽറ്റർ, ഇലക്ട്രിക്ക് പ്ലംബിംഗ് മാറ്റുന്നതുൾപ്പെടെയുള്ള കുറെയേറെ ജോലികൾ ചെയ്യേണ്ടതായി വന്നു. ഈ പ്രവർത്തനം 2019 ആഗസ്റ്റോടെയാണ് പൂർത്തിയായത്. അതിനുശേഷം ഓപ്പറേഷൻ തീയറ്റർ പൂർണമായി അണുവിമുക്തമായി എന്ന് ഉറപ്പുവരുത്താൻ മെഡിക്കൽ കോളേജിലെ മൈക്രോബയോളജി വിഭാഗത്തിന്റെ സഹായത്തോടെ മൂന്നു തവണ പരിശോധനയും നടത്തി തുടർന്ന് 26.08.2019 മുതൽ എല്ലാ ദിവസവും ശസ്ത്രക്രിയകൾ നടത്തിവരുന്നു.

**ശിപാർശ 13 (ഖണ്ഡിക 20)**

അടിയന്തരമായി സി.സി.ആർ.സി.-യ്ക്ക് ആംബുലൻസ് സൗകര്യം അനുവദിക്കുന്നതിന്

നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

വകുപ്പിന് ലഭ്യമായ പദ്ധതി വിഹിതത്തിൽ നിന്നും ആംബുലൻസ് വാങ്ങിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പ്രസ്തുത സ്ഥാപനത്തിൽ റേഡിയോ തെറാപ്പി മെഷീൻ സ്ഥാപിക്കുന്നതിനും, റേഡിയോ സേഫ്റ്റി ഓഫീസറെ നിയമിക്കുന്നത് സംബന്ധിച്ചും നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്.

**ശിപാർശ 14 (ഖണ്ഡിക 21)**

രോഗികൾക്ക് ആവശ്യമായ സ്കാനിങ്ങും, മാമോഗ്രാഫിയും, കോളനോസ്കോപിയും മറ്റും ആശുപത്രിയിൽ തന്നെ നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും ഇതിനായി പ്രാവീണ്യമുള്ള ടെക്നീഷ്യൻമാരെ അടിയന്തരമായി നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

അതിനൂതന ഡിജിറ്റൽ മാമ്മോഗ്രാഫി അൾട്രാസൗണ്ട് സ്കാനിംഗ് മെഷീൻ എന്നിവ വാങ്ങിക്കുകയും ഒരു റേഡിയോളജിസ്റ്റിനേയും റേഡിയോഗ്രാഫറെയും നിയമിക്കുകയും ചെയ്തു കൊണ്ട് CCRC റേഡിയോളജി വിഭാഗം രോഗികൾക്ക് സേവനം ലഭ്യമാക്കിക്കൊണ്ടിരിക്കുന്നു. CCRC യിൽ ലഭ്യമല്ലാത്ത മറ്റ് ഇമേജിങ് സേവനങ്ങൾക്കായി മെഡിക്കൽ കോളേജിന്റെ സേവനം ഉപയോഗപ്പെടുത്തി വരുന്നു. ഒരു റേഡിയോളജിസ്റ്റ് ആഴ്ചയിൽ രണ്ടു ദിവസം ടെസ്റ്റുകൾ നടത്തുന്നു. പുതിയ ഒരു റേഡിയോളജിസ്റ്റിനെ നിയമിക്കുന്നതു വഴി കൂടുതൽ ദിവസങ്ങളിൽ ഈ സേവനം നടത്തുവാൻ സാധിക്കും. കൂടാതെ പ്രസ്തുത സ്ഥാപനത്തിൽ റേഡിയോ തെറാപ്പി മെഷീൻ സ്ഥാപിക്കുന്നതിനും റേഡിയോ സേഫ്റ്റി ഓഫീസറെ നിയമിക്കുന്നത് സംബന്ധിച്ചും നടപടികൾ പുരോഗമിച്ചുവരുന്നു.

**ശിപാർശ 15 (ഖണ്ഡിക 22)**

സെന്ററിന്റെ പ്രാധാന്യം കണക്കിലെടുത്ത് സൂപ്രണ്ട് ഉൾപ്പെടെയുള്ള തസ്തികകളിൽ സ്ഥിര നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

സി.സി.ആർ.സി.-യിൽ 31 സ്ഥിരം തസ്തികകൾ അനുവദിച്ചിട്ടുണ്ട്. പുതുതായി വരുന്ന 360 കിടക്കകളുള്ള ആശുപത്രിയിലേക്കായി നാല് ഘട്ടങ്ങളായാണ് നിയമനം നടത്താനായി ഉദ്ദേശിച്ചിരിക്കുന്നത്. ആകെയുള്ള കിടക്കകൾക്കും ചികിത്സ സൗകര്യത്തിനുമനുസരിച്ചുള്ള പുതുതായി വേണ്ടി വന്നേക്കാവുന്ന സ്റ്റാഫുകളുടെ രൂപ രേഖ തയ്യാറാക്കിയിട്ടുണ്ട്.

**<u>ശിപാർശ 16 (ഖണ്ഡിക 23)</u>**

കേരളത്തിന്റെ അഭിമാനമായി മാറേണ്ട കാൻസർ സെന്ററിന്റെ റിസർച്ച് വിഭാഗം പ്രവർത്തനം ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

അന്താരാഷ്ട്ര നിലവാരത്തിലുള്ള ഗവേഷണത്തിലൂന്നിയ ഒരു കാൻസർ ചികിത്സാ കേന്ദ്രമായാണ് CCRC വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്. പുതുതായി നിലവിൽ വരുന്ന ഒരു കാൻസർ ചികിത്സാ കേന്ദ്രം എന്ന നിലയ്ക്ക് ഗവേഷണത്തിലൂന്നിയ അടിസ്ഥാന സൗകര്യം വികസിപ്പിച്ചെടുക്കുക എന്നത് ആവശ്യമാണ്. ലാബിലെ പരീക്ഷണങ്ങൾ ചികിത്സാരംഗത്തേക്കുള്ള ചുവടുവയ്പ്പായി മാറുന്ന തരത്തിൽ ബയോമെഡിക്കൽ ഗവേഷണങ്ങൾ ഫലം സിദ്ധിക്കുന്നതിനു ദശാബ്ദങ്ങൾ വേണ്ടിവരും. മാത്രമല്ല ഇത്തരം നൂതന ആശയങ്ങൾ പ്രാവർത്തികമാക്കാനുള്ള ഗവേഷണങ്ങൾക്ക് വളരെയധികം ചെലവ് വരുമെന്നതിനാൽ തത്ഫലമായി ആവിഷ്കരിക്കപ്പെടുന്ന ചികിത്സാ സമ്പ്രദായങ്ങൾ സാധാരണക്കാർക്ക് അപ്രാപ്യമായിവരുന്നു.

ഈ പ്രശ്നത്തിനൊരു പരിഹാരമെന്ന നിലയിൽ ഇന്ത്യയിൽ തന്നെ ഇദം പ്രഥമമായി ബയോ മെഡിക്കൽ റിസർച്ച് ഇന്നോവേഷൻ ആൻഡ് കൊമ്മേഴ്സ്യലൈസേഷൻ ഇൻ കാൻസർ (ബ്രിക്) എന്ന പേരിൽ ഒരു കാൻസർ ടെക്നോളജി ഇൻക്യുബേറ്റർ CCRC രൂപപ്പെടുത്തിയെടുത്തിട്ടുണ്ട്. കേരള സ്റ്റാർട്ട് അപ്പ് മിഷൻ (KSUM) ന്റെയും, കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന്റെ (CCRC) ഒരു സംയുക്ത സംരംഭമാണ് ഇത്. കാൻസർ നിർണ്ണയത്തിനും ചികിത്സയ്ക്കും ഉതകുന്ന തരത്തിലുള്ള കണ്ടുപിടുത്തങ്ങൾക്കായുള്ള പല തരത്തിലുള്ള ജൈവസാങ്കേതിക സങ്കീർണ്ണസാങ്കേതിക ബയോമെഡിക്കൽ ചികിത്സാരംഗ

മുൾപ്പെടെയുള്ള സ്റ്റാർട്ട് അപ്പ് സംരംഭങ്ങളുടെ പിറവിക്കും ഇത് വേദിയൊരുക്കും. ഇത് പ്രാബല്യത്തിൽ വരുത്തുന്നതിനായി കേരള കാൻസർ ഗ്രിഡ്, നാഷണൽ കാൻസർ ഗ്രിഡ് എന്നിവയിലുൾപ്പെടുന്ന എല്ലാ സ്ഥാപനങ്ങളുമായും വ്യവസായിക സംരംഭങ്ങളുമായും ഉപഭോക്തൃവൽക്കരണം സാധ്യമാക്കുന്ന സ്ഥാപനങ്ങളുമായും വിദേശ സ്ഥാപനങ്ങളുമായും സഹകരിക്കും.

CCRC യും KSUM ഉം ആയി ഒരു MOU ഇതിനോടകം തന്നെ നിലവിൽ വന്നിട്ടുണ്ട്. ഇതിനായി 700 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു കെട്ടിടവും നടത്തിപ്പിനായുള്ള ഫണ്ടും ഇതിനായി അനുവദിച്ച നൽകിയിട്ടുണ്ട്. അത് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**ഖണ്ഡിക 8, 10, 12, 16, 17, 20, 21, 22, 23 എന്നിവയിന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകൾ പരിഗണിച്ച വേളയിൽ സമിതി ആരാഞ്ഞ അധികവിവരവും ആരോഗ്യകുടുംബക്ഷേമ (പി) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടും ചുവടെ ചേർക്കുന്നു.**

**അധികവിവരം -I**

കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന്റെ നിർമ്മാണം സംസ്ഥാനത്തിന് നഷ്ടമുണ്ടാക്കാത്ത വിധത്തിൽ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

**സർക്കാർ സ്വീകരിച്ച നടപടി**

കിഫ്ബി ധനസഹായത്തോടു കൂടി ഇൻകലിനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിയോഗിച്ചുകൊണ്ട് സി.സി.ആർ.സി.യുടെ നിർമ്മാണം ആരംഭിച്ചു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങളുടെ പൂർണ്ണ ഏകോപനം ഇൻകലിൽ ആണ് നിക്ഷിപ്തമായിരിക്കുന്നത്. എന്നിരുന്നാലും നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിലേയ്ക്കായി കിഫ്ബി, ഇൻകൽ, കെട്ടിട നിർമ്മാണ കമ്പനി എന്നിവരുമായി സി.സി.ആർ.സി. നിരന്തരം അവലോകന യോഗം നടത്തിവരുന്നു. നിർമ്മാണത്തിലെ വീഴ്ച കാരണം കെട്ടിടനിർമ്മാണ കമ്പനിയായ പി.ആന്റ് സി. യെ പ്രസ്തുത ചുമതലയിൽ നിന്നും മാറ്റി ബ്ലാക്ക് ലിസ്റ്റ് ചെയ്യുകയും നിർമ്മാണ ചുമതല 2021-ൽ ജതൻ കൺസ്ട്രക്ഷൻ എന്ന കമ്പനിയെ റീ ടെന്റർ മുഖേന ഏൽപ്പിക്കുകയും ചെയ്തു. 24 മാസമാണ് പ്രോജക്റ്റിന്റെ കാലാവധി. നിർമ്മാണം യഥാസമയം പൂർത്തീകരിക്കുന്നതിനായി ദിവസവും 300-350 തൊഴിലാളികളെയാണ് നിയോഗിച്ചിരിക്കുന്നത്. സിവിൽ, എം,ഇ,പി ജോലികൾ ജതൻ

കൺസ്ട്രക്ഷൻസിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

**അധികവിവരം -2**

ആശുപത്രി നിർമ്മാണം പോലുള്ള വലിയ പ്രവൃത്തികൾക്കായി തുക ലഭിക്കുന്ന മുറക്ക് ഘട്ടം ഘട്ടമായി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുക. അടിയന്തര ആവശ്യമെന്ന നിലയിൽ ബഡ്ജറ്റിൽ തുക വകയിരുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

**സർക്കാർ സ്വീകരിച്ച നടപടി**

സി.സി.ആർ.സി.യുടെ പുതിയ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് കിഫ്ബി ധനസഹായവുമായി 379.73 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുകയിൽ 159 കോടി രൂപ ഉപകരണങ്ങൾക്കും ഫർണ്ണിച്ചറുകൾക്കുമായി നീക്കി വയ്ക്കുകയും എസ്.പി.വി. ആയി ഇൻകൽ-നെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**അധികവിവരം - 3**

കിഫ്ബി ഫണ്ട് കൂടാതെ ഓരോ വർഷവും സി.സി.ആർ.സി.-ക്കായി പ്ലാൻ ഫണ്ടിൽ 10 കോടി രൂപ വകയിരുത്തിയെങ്കിലും വേണ്ടത്ര തുക ചെലവഴിക്കാത്തത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുക.

**സർക്കാർ സ്വീകരിച്ച നടപടി**

2015-2016 സാമ്പത്തിക വർഷത്തിൽ കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന് 8,00,00,000/- രൂപ (എട്ട് കോടി രൂപ) അനുവദിച്ചതിൽ 3,55,25,000/- രൂപ (മൂന്ന് കോടി അൻപത്തിയഞ്ച് ലക്ഷത്തി ഇരുപത്തയ്യായിരം രൂപ മാത്രം) സി.സി.ആർ.സി. പ്രാരംഭഘട്ടത്തിൽ വിനിയോഗിച്ചു (44.40%). 2016-2017 സാമ്പത്തിക വർഷത്തിൽ സി.സി.ആർ.സി.-ക്കായി ഫണ്ട് ഒന്നും തന്നെ അനുവദിച്ചില്ല. എന്നിരുന്നാലും 2015-2016 ൽ പ്ലാൻ ഫണ്ടിൽ വകയിരുത്തിയ തുകയിൽ സി.സി.ആർ.സി. ചെലവഴിച്ചതിനുശേഷമുള്ള 1,24,99,000/- രൂപ (ഒരു കോടി ഇരുപത്തിനാല് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരം രൂപ മാത്രം) വിവിധ ആവശ്യങ്ങൾക്കായി 2016-2017 സാമ്പത്തിക വർഷത്തിൽ ഉപയോഗിച്ചു. 2017-2018-ൽ അനുവദിച്ച 10 കോടി രൂപയിൽ, 27,36,000/- രൂപ (ഇരുപത്തിയേഴ് ലക്ഷത്തി മുപ്പത്തിയാറായിരം രൂപ മാത്രം)

സി.സി.ആർ.സി. വിനിയോഗിച്ചു. 2018-2019 സാമ്പത്തിക വർഷത്തിൽ രണ്ട് ഘട്ടമായി അനുവദിച്ച 9,66,66,000/- രൂപയിൽ (ഒൻപത് കോടി അറുപത്തിയാറ് ലക്ഷത്തി അറുപത്തിയാറായിരം രൂപ മാത്രം) 28.47 ശതമാനം വിനിയോഗിക്കുകയുണ്ടായി. 2019-2020 സാമ്പത്തിക വർഷത്തിൽ 6,91,48,000 രൂപ (ആറ് കോടി തൊണ്ണൂറ്റി ഒന്ന് ലക്ഷത്തി നാൽപത്തിയെട്ടായിരം രൂപ മാത്രം) ലഭിച്ചു. കൂടാതെ 1,00,00,000/- രൂപ (ഒരു കോടി രൂപ മാത്രം) 25.03.2020-ലാണ് അക്കൗണ്ടിൽ വരവ് വയ്ക്കപ്പെട്ടത്. പ്രസ്തുത സാമ്പത്തിക വർഷം ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിനായി 2,60,05,000/- രൂപയും (രണ്ട് കോടി അറുപത് ലക്ഷത്തി അയ്യായിരം രൂപ മാത്രം), ഹോസ്പിറ്റൽ സോഫ്റ്റ് വെയർ വാങ്ങുന്നതിലേയ്ക്കായി 3,91,000/- രൂപയും (മൂന്ന് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരം രൂപ മാത്രം) മരുന്നുകൾ, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി 25,99,000/- (ഇരുപത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരം രൂപ മാത്രം), 2,95,000/- (രണ്ട് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം രൂപ മാത്രം) രൂപയും വീതം ചെലവഴിച്ചു. 2020-2021 സാമ്പത്തിക വർഷത്തിൽ സി.സി.ആർ.സി.-ക്കായി അനുവദിച്ചത് 6,50,00,000/- (ആറു കോടി അൻപത് ലക്ഷം രൂപ മാത്രം) രൂപയാണ്.

കൂടാതെ ഓപ്പണിംഗ് ബാലൻസായി 1,72,39,000/- (ഒരു കോടി എഴുപത്തിരണ്ട് ലക്ഷത്തി മുപ്പത്തിയൊൻപതിനായിരം രൂപ മാത്രം) രൂപ സി.സി.ആർ.സി.യുടെ ട്രഷറി അക്കൗണ്ടിൽ ഉണ്ടായിരുന്നു. ആയതിനാൽ, ടി സാമ്പത്തിക വർഷം 6,51,35,000/- (ആറു കോടി അൻപത്തി ഒന്ന് ലക്ഷത്തി മുപ്പത്തിയയ്യായിരം രൂപ മാത്രം) രൂപ വിവിധ ആവശ്യങ്ങൾക്കായി സി.സി.ആർ.സി. ഉപയോഗിച്ചു. 2021-2022 കാലഘട്ടത്തിൽ അനുവദിച്ച 8,50,00,000/- (എട്ട് കോടി അൻപത് ലക്ഷം രൂപ മാത്രം) 31.03.2022-ൽ സർക്കാർ തിരിച്ചു പിടിച്ച 1.6104 കോടി (ഒരു കോടി അറുപത്തിയൊന്ന് ലക്ഷത്തി നാലായിരം രൂപ മാത്രം) രൂപ 06.08.2021-ൽ സി.സി.ആർ.സി.ക്ക് തിരികെ ലഭിക്കുകയുണ്ടായി. മേൽപറഞ്ഞ തുകയിൽ ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിനായി 1,47,27,000/- (ഒരു കോടി നാൽപത്തിയേഴ് ലക്ഷത്തി ഇരുപത്തിയേഴായിരം രൂപ മാത്രം) രൂപയും, മരുന്നുകൾ വാങ്ങുന്നതിലേയ്ക്കായി 1,78,33,000/- (ഒരു കോടി എഴുപത്തിയെട്ട് ലക്ഷത്തി മുപ്പത്തി മൂവായിരം രൂപ) രൂപയും മൈനർവർക്ക്, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി 12,44,000 രൂപയും (പന്ത്രണ്ട് ലക്ഷത്തി നാൽപത്തിനാലായിരം രൂപ മാത്രം) 11,69,000/-(പതിനൊന്ന് ലക്ഷത്തി

അറുപത്തി ഒൻപതിനായിരം രൂപ മാത്രം) രൂപയും ചെലവഴിച്ചു. ജില്ലാതല കാൻസർ നിയന്ത്രണ പരിപാടിയുടെ ഭാഗമായി 14,91,000 (പതിനാല് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരം രൂപ മാത്രം) രൂപയും PBCR, HBCR എന്നിവയ്ക്ക് 2,32,000 (രണ്ടു ലക്ഷത്തി മുപ്പത്തി രണ്ടായിരം രൂപ മാത്രം) രൂപയും ചെലവഴിച്ചു. പ്രസ്തുത സാമ്പത്തിക വർഷം അനുവദിച്ച തുകയിൽ 72.26 ശതമാനം വിനിയോഗിക്കുകയുമുണ്ടായി.

## സമിതി ആരാഞ്ഞ അധിക വിവരം

വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ടിൽ പിശകുകൾ വന്നതായി സമിതി വിലയിരുത്തുകയും "കിഫ്ബി ഫണ്ട് കൂടാതെ ഓരോ വർഷവും സി.സി.ആർ.സി. ക്കായി പ്ലാൻ ഫണ്ടിൽ 10 കോടി രൂപ വകയിരുത്തിയെങ്കിലും വേണ്ടത്ര തുക ചെലവഴിക്കാത്തത് സംബന്ധിച്ച" വ്യക്തമായ റിപ്പോർട്ട് നൽകണമെന്ന് നിർദ്ദേശിക്കുകയും ആയതിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

## സർക്കാർ സ്വീകരിച്ച നടപടി

2015-2016 സാമ്പത്തികവർഷത്തിൽ കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന് 8,00,00,000/- (എട്ട് കോടി രൂപ മാത്രം) അനുവദിച്ചതിൽ Rs. 3,55,24,416/- രൂപ (മൂന്ന് കോടി അൻപത്തിയഞ്ച് ലക്ഷത്തി ഇരുപത്തിനാലായിരത്തി നാന്നൂറ്റി പതിനാറ് രൂപ മാത്രം) സി.സി.ആർ.സി. പ്രാരംഭഘട്ടത്തിൽ വിനിയോഗിച്ചു.

2016-2017 സാമ്പത്തികവർഷത്തിൽ സി.സി.ആർ.സി.ക്കായി ഫണ്ട് ഒന്നും തന്നെ അനുവദിച്ചില്ല. എന്നിരുന്നാലും 2015-16 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ടിൽ വകയിരുത്തിയ തുകയിൽ സി.സി.ആർ.സി. ചെലവഴിച്ചതിനുശേഷമുള്ള 4,44,75,584/- (നാല് കോടി നാല്പത്തിനാല് ലക്ഷത്തി എഴുപത്തയ്യായിരത്തി അഞ്ഞൂറ്റി എൺപത്തി നാല് രൂപ മാത്രം) രൂപയിൽ നിന്നും Rs. 1,02,12,535/- (ഒരു കോടി രണ്ട് ലക്ഷത്തി പന്ത്രണ്ടായിരത്തി അഞ്ഞൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം) രൂപ വിവിധ ആവശ്യങ്ങൾക്കായി 2016-17 സാമ്പത്തികവർഷത്തിൽ ഉപയോഗിച്ചു.

2017-2018 സാമ്പത്തികവർഷത്തിൽ, 2016-17-ലെ നീക്കിയിരിപ്പ് തുകയായ 3,42,63,049/- (മൂന്ന് കോടി നാൽപത്തിരണ്ട് ലക്ഷത്തി അറുപത്തിമൂവായിരത്തി

നാല്പത്തി ഒൻപത് രൂപ മാത്രം) രൂപയും, തൻവർഷം അനുവദിച്ച ബജറ്റ് വിഹിതം Rs.10,00,00,000/- (പത്ത് കോടി രൂപ മാത്രം) രൂപയും, ഓഡിറ്റ് റിപ്പോർട്ട് പ്രകാരം "Change In Inventories"-ൽ വകയിരുത്തിയ Rs.13,36,188/- (പതിമൂന്ന് ലക്ഷത്തി മുപ്പത്തിയാറായിരത്തി ഒരുന്നൂറ്റി എൺപത്തിയെട്ട് രൂപ മാത്രം) രൂപയും ഉൾപ്പെടെ Rs.13,55,99,237/- (പതിമൂന്ന് കോടി അൻപത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി ഇരുന്നൂറ്റി മുപ്പത്തിയേഴ് രൂപ മാത്രം) ലഭിച്ചതിൽ 3,07,59,476/- (മൂന്ന് കോടി ഏഴ് ലക്ഷത്തി അൻപത്തി ഒൻപതിനായിരത്തി നാനൂറ്റി എഴുപത്തിയാറ് രൂപ മാത്രം) വിവിധ ആവശ്യങ്ങൾക്കായി ചിലവഴിച്ചു. നീക്കിയിരുപ്പു തുകയായ Rs.10,48,39,761/- (പത്ത് കോടി നാല്പത്തിയെട്ട് ലക്ഷത്തി മുപ്പത്തി ഒൻപതിനായിരത്തി എഴുന്നൂറ്റി അറുപത്തി ഒന്ന് രൂപ മാത്രം) രൂപ 29.03.2018-ൽ Resume ചെയ്തെങ്കിലും ടി തുക തിരികെ അനുവദിച്ചിട്ടില്ല.

2018-19 സാമ്പത്തികവർഷത്തിൽ രണ്ട് ഘട്ടമായി അനുവദിച്ച 9,66,66,666/- (ഒൻപത് കോടി അറുപത്തിയാറ് ലക്ഷത്തി അറുപത്തി ആറായിരത്തി അറുന്നൂറ്റി അറുപത്തി ആറ് രൂപ മാത്രം) രൂപയിൽ Rs.2,75,19,039/- (രണ്ടു കോടി എഴുപത്തിയഞ്ച് ലക്ഷത്തി പത്തൊൻപതിനായിരത്തി മുപ്പത്തിയൊൻപത് രൂപ മാത്രം) വിനിയോഗിക്കുകയുണ്ടായി.

2019-2020 സാമ്പത്തികവർഷത്തിൽ മുൻവർഷത്തെ നീക്കിയിരിപ്പ് തുകയായ Rs.6,91,47,627/- (ആറ് കോടി തൊണ്ണൂറ്റിയൊന്ന് ലക്ഷത്തി നാൽപ്പത്തി ഏഴായിരത്തി അറുന്നൂറ്റി ഇരുപത്തി ഏഴ് രൂപ മാത്രം) കൂടാതെ തൻവർഷത്തെ ബജറ്റ് വിഹിതമായ Rs.1,00,00,000/- (ഒരു കോടി രൂപ മാത്രം) ഉൾപ്പെടെ Rs.7,91,47,627/- (ഏഴ് കോടി തൊണ്ണൂറ്റിയൊന്ന് ലക്ഷത്തി നാൽപ്പത്തിയേഴായിരത്തി അറുന്നൂറ്റി ഇരുപത്തി ഏഴ് രൂപ മാത്രം) ലഭിച്ചതിൽ Rs.6,19,07,639/- (ആറ് കോടി പത്തൊൻപത് ലക്ഷത്തി ഏഴായിരത്തി അറുന്നൂറ്റി മുപ്പത്തി ഒൻപത് രൂപ മാത്രം) വിവിധ ആവശ്യങ്ങൾക്കായി വിനിയോഗിച്ചു. നീക്കിയിരിപ്പ് തുകയായ Rs.1,72,39,988/- (ഒരു കോടി എഴുപത്തിരണ്ട് ലക്ഷത്തി മുപ്പത്തിയൊൻപതിനായിരത്തി തൊള്ളായിരത്തി എൺപത്തി എട്ട് രൂപ മാത്രം) 2020-21 സാമ്പത്തിക വർഷത്തിലേക്ക് നീക്കിവയ്ക്കുകയും ചെയ്തു.

2020-21 സാമ്പത്തികവർഷത്തിൽ മുൻവർഷത്തെ നീക്കിയിരിപ്പ് തുകയായ

Rs.1,72,39,988/- (ഒരു കോടി എഴുപത്തിരണ്ട് ലക്ഷത്തി മുപ്പത്തൊൻപതിനായിരത്തി തൊള്ളായിരത്തി എൺപത്തി എട്ട് രൂപ മാത്രം) രൂപയും തൻവർഷത്തെ ബജറ്റ് വിഹിതമായ Rs.6,50,00,000/- (ആറ് കോടി അൻപത് ലക്ഷം രൂപ മാത്രം) രൂപയും ഉൾപ്പെടെ Rs.8,22,39,988/- (എട്ട് കോടി ഇരുപത്തിരണ്ട് ലക്ഷത്തി മുപ്പത്തി ഒൻപതിനായിരത്തി തൊള്ളായിരത്തി എൺപത്തി എട്ട് രൂപ മാത്രം) ലഭിച്ചതിൽ Rs.6,51,35,559/- (ആറ് കോടി അൻപത്തിയൊന്ന് ലക്ഷത്തി മുപ്പത്തയ്യായിരത്തി അഞ്ഞൂറ്റി അൻപത്തി ഒൻപത് രൂപ മാത്രം) വിവിധ ആവശ്യങ്ങൾക്കായി വിനിയോഗിക്കുകയുണ്ടായി. ബാക്കി തുകയായ Rs.1,71,04,429/- (ഒരു കോടി എഴുപത്തി ഒന്ന് ലക്ഷത്തി നാലായിരത്തി നാനൂറ്റി ഇരുപത്തി ഒൻപത് രൂപ മാത്രം) രൂപയിൽ Rs.10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) അക്കൗണ്ടിൽ നിലനിർത്തികൊണ്ട് Rs.1,61,04,429/- (ഒരു കോടി അറുപത്തിയൊന്ന് ലക്ഷത്തി നാലായിരത്തി നാനൂറ്റി ഇരുപത്തി ഒൻപത് രൂപ മാത്രം) Resume ചെയ്യുകയുണ്ടായി.

2021-22 വർഷത്തിൽ മുൻവർഷത്തെ നീക്കിയിരിപ്പ് തുകയായ Rs.1,61,04,429/- (ഒരു കോടി അറുപത്തിയൊന്ന് ലക്ഷത്തി നാലായിരത്തി നാനൂറ്റി ഇരുപത്തി ഒൻപത് രൂപ മാത്രം) രൂപയും ഓപ്പണിങ് ബാലൻസ് Rs.10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) രൂപയും കൂടാതെ തൻവർഷത്തെ ബജറ്റ് വിഹിതമായ 8,50,00,000/- (എട്ട് കോടി അൻപത് ലക്ഷം രൂപ മാത്രം) രൂപയും ചേർത്ത് Rs.10,21,04,429/- (പത്ത് കോടി ഇരുപത്തിയൊന്ന് ലക്ഷത്തി നാലായിരത്തി നാനൂറ്റി ഇരുപത്തി ഒൻപത് രൂപ മാത്രം) ലഭിച്ചതിൽ Rs.7,37,81,007/- (ഏഴ കോടി മുപ്പത്തിയേഴ് ലക്ഷത്തി എൺപത്തിയൊന്നായിരത്തി ഏഴ് രൂപ മാത്രം) വിവിധ ആവശ്യങ്ങൾക്കായി വിനിയോഗിക്കുകയുണ്ടായി. ബാക്കി തുകയായ Rs.2,83,23,422/- (രണ്ട് കോടി എൺപത്തിമൂന്ന് ലക്ഷത്തി ഇരുപത്തിമൂവായിരത്തി നാനൂറ്റി ഇരുപത്തിരണ്ട് രൂപ മാത്രം) രൂപയിൽ 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) അക്കൗണ്ടിൽ നിലനിർത്തികൊണ്ട് 2,73,23,422/- (രണ്ട് കോടി എഴുപത്തിമൂന്ന് ലക്ഷത്തി ഇരുപത്തിമൂവായിരത്തി നാനൂറ്റി ഇരുപത്തിരണ്ട് രൂപ മാത്രം) 31.03.2022-ൽ resume ചെയ്യുകയുണ്ടായി.

(Annexure A-യിലെ Grand in aid-utilization പട്ടിക കണ്ടാലും)

സ്ഥാപനത്തിന്റെ സ്ഥലപരിമിതി/ മതിയായ ഡോക്ട്ടേർസിന്റെ അഭാവം എന്നിവ മൂലം തുക പൂർണ്ണമായും ചിലവഴിക്കുന്നതിന് തടസ്സമായിരുന്നു. ആശുപത്രിയുടെ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറുന്ന മുറയ്ക്ക് പ്ലാൻ ഫണ്ട് പൂർണ്ണമായും ചിലവഴിക്കാൻ സി.സി.ആർ.സി. പരമാവധി ശ്രമിക്കുന്നതാണ്.

NB: ഖണ്ഡിക 8, 12, 21, 22, 23 എന്നിവയിന്മേലുള്ള തൽസ്ഥിതി വിവരങ്ങൾ അനുബന്ധമായി (B) ചേർക്കുന്നു.

## COCHIN CANCER RESEARCH CENTRE

| ANNEXURE A | | | |
|---|---|---|---|
| **UTILIZATION OF GRANT IN AID FOR THE FINANCIAL YEAR FROM 2015-16 TO 2021-22** | | | |
| **2015-16** | | | |
| | Administrative Sanction | Grant Received | Utilization |
| **Grant In aid received vide G.O.(Rt) No. 229/2016/H&FWD dated 22.01.2016** | **10,00,00,000.00** | **8,00,00,000** | |
| Acquisition of Assets | | | 3,55,00,000.00 |
| Salaries and Allowances | | | 3,217.00 |
| Operational expenditure | | | 21,199.00 |
| **Total Expenditure** | | | **3,55,24,416.00** |
| **Closing Balance** | | | **4,44,75,584.00** |
| **2016-17** | | | |
| **Opening Balance** | | **4,44,75,584.00** | |
| Grant in aid received | | Nil | |
| Acquisition of Assets | | | 22,68,045.00 |
| Purchase of Medicines | | | 16,56,435.75 |
| Salaries and Allowances | | | 42,98,963.00 |
| Operational Expenditure | | | 19,89,091.48 |
| Total Expenditure | | | 1,02,12,535.23 |
| Closing Balance | | | 3,42,63,048.77 |
| **2017-18** | | | |
| **Opening Balance** | | **3,42,63,048.00** | |
| **Grant In aid received vide G.O.(Rt) No. 1809/2017/H&FWD dated 28.06.2017** | **10,00,00,000.00** | **10,00,00,000.00** | |
| **Change in Inventories** | | **13,36,188.21** | |
| Indirect Expenses | | | 14,83,823.27 |

| | | | |
|---|---|---|---|
| Salaries and Allowances | | | 1,71,76,095.00 |
| Apportioned to Deferred Income Account | | | 88,64,728.17 |
| Purchases made towards Government medical scheme | | | 32,34,829.54 |
| **Total Expenditure** | | | **3,07,59,475.98** |
| **Resumption on 29.03.2018** | | | **10,48,39,761.00** |
| **Closing Balance** | | | **Nil** |
| **2018-19** | | | |
| **Grant In aid received vide G.O.(Rt) No. 1139/2018/H&FWD dated 05.04.2018 Fund received** | **10,00,00,000.00** | **1,66,66,666.00** | |
| **Grant In aid received vide G.O.(Rt) No. 2110/2018/H&FWD dated 02.07.2018 Fund received** | | **8,00,00,000.00** | |
| Salary & Allowances | | | 2,31,37,352.00 |
| Hospital Equipment | | | 18,45,682.00 |
| Medicines & Consumables | | | 3,90,710.00 |
| Furniture | | | 2,66,560.00 |
| Office Expenses | | | 9,77,841.00 |
| Works | | | 9,00,894.00 |
| **Total Expenditure** | | | **2,75,19,039.00** |
| **Resumption on 31.03.2019** | | | **6,91,47,627.00** |
| **Closing Balance** | | | **Nil** |
| **2019-20** | | | |
| **Resumed fund received on 02.04.2019** | **14,10,00,000.00** | **6,91,47,627.00** | |
| **Grant In aid received vide G.O.(Rt) No. 11/2020/H&FWD dated 01.01.2020** | | **1,00,00,000.00** | |
| Salary and Allowances | | | 303.75 |
| Hospital Equipment | | | 260.05 |
| Medicines and Consumables | | | 47.33 |
| Office Expenses | | | 2.95 |
| Minor Works | | | 1.08 |
| Hospital Software | | | 3.91 |
| **Total Expenditure** | | | **6,19,07,639.00** |
| **Closing Balance** | | | **1,72,39,988.00** |
| **2020-21** | | | |

| | | | |
|---|---|---|---|
| **Opening Balance** | **13,00,00,000.00** | **1,72,39,988.00** | |
| **Grant In aid received vide G.O.(Rt) No. 1835/2020/H&FWD dated 08.10.2020** | | **6,50,00,000.00** | |
| Salary and Allowances | | | 3,75,73,221.00 |
| Hospital Equipment | | | 1,81,94,102.00 |
| Medicines & Consumables | | | 87,03,882.00 |
| Office Expenses | | | 6,64,354.00 |
| **Total Expenditure** | | | **6,51,35,559.00** |
| **G.O.(Rt)No.1084/2021/H&FWD dated 18.05.2021 Resumption on 31.03.2021** | | | **1,61,04,429.00** |
| **Closing Balance** | | | **10,00,000.00** |
| **2021-22** | | | |
| **Opening Balance** | **13,00,00,000.00** | **10,00,000.00** | |
| Resumed amount received on 06.08.2021 | | 1,61,04,429.00 | |
| Grant in aid received vide G.O.(Rt)No.2727/2021/H&FWD dated 04.12.2021 | | 5,75,00,000.00 | |
| Grant In aid received vide G.O.(Rt)No.444/2022/H&FWD dated 24.02.2022 | | 2,75,00,000.00 | |
| Salary and Allowances | | | 3,70,83,620.00 |
| Hospital Equipment | | | 1,47,27,007.00 |
| Medicines and Consumables | | | 1,78,33,568.00 |
| Office Expenses | | | 11,69,031.00 |
| Minor Works | | | 12,44,276.00 |
| Project I DCCP | | | 14,91,441.00 |
| Project II Cancer Registry | | | 2,32,064.00 |
| **Total Expenditure** | | | **7,37,81,007.00** |
| **Resumption on 31.03.2022** | | | **2,73,23,422.00** |
| **Closing Balance** | | | **10,00,000.00** |

**<u>അനുബന്ധം B</u>**

## കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ എസ്റ്റിമേറ്റ്സ് കമ്മിറ്റി ഇരുപത്തിയൊന്നാമത് റിപ്പോർട്ട് തൽസ്ഥിതി വിവരങ്ങൾ

**ഖണ്ഡിക 8, 12, 21, 22, 23 എന്നിവയിന്മേലുള്ള അധിക വിവരങ്ങൾ**

ഖണ്ഡിക 8, 12: നിർമ്മാണ പുരോഗതി സംബന്ധിച്ച് നിർമ്മാണത്തിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ ഇൻകെൽ ലഭ്യമാക്കിയിരിക്കുന്ന പുതിയ വിവരം അനുബന്ധമായി ചേർക്കുന്നു. സി.സി.ആർ.സി.യുടെ പുതിയ കെട്ടിടനിർമ്മാണം 2025-ൽ പൂർത്തീകരിക്കുമെന്നു പ്രതീക്ഷിക്കുന്നു.

ഖണ്ഡിക 21: റേഡിയേഷൻ ചികിത്സകൾക്കായുള്ള ലീനിയർ ആക്സിലറേറ്റർ ആണ് ആദ്യഘട്ടമെന്ന നിലയിൽ ഇൻസ്റ്റാൾ ചെയ്യേണ്ടത്. റേഡിയോതെറാപ്പി വിഭാഗം ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള സാങ്കേതിക ഉപദേശത്തിനും മേൽനോട്ടത്തിനുമായി ഒരു റേഡിയേഷൻ സേഫ്റ്റി ഓഫീസറെ നിയമിച്ചിട്ടുണ്ട്.

ഖണ്ഡിക 22: കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന്റെ പുതിയ കെട്ടിടം നിലവിൽ വരുന്നതോടൊപ്പം സ്ഥിരം തസ്തികകളിലേക്ക് ജീവനക്കാരെ നിയമിക്കേണ്ടത് അനിവാര്യമാണ്. രണ്ടു ഘട്ടങ്ങളിലായി ആശുപത്രി പൂർണ്ണസജ്ജമാക്കാനാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ നൂറു കിടക്കകളും പിന്നീട് 360 കിടക്കകളുമുള്ള ആശുപത്രിയായി വികസിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിലേക്ക് വേണ്ടി വരുന്ന ജീവനക്കാരുടെ രൂപരേഖ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട് (Lettter No. 251/A1/2020/CCRC dated 06.10.2023)

ഖണ്ഡിക 23: കാൻസർ ഗവേഷണം, തെറാപ്പി, അഡ്വാൻസ്ഡ് ഡയഗ്നോസ്റ്റിക്സ് എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണത്തിന് ഊന്നൽ നൽകുന്നതിനായി 21.11.2024-ന് കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ, രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചു.

**അധികവിവരം-4**

2019-2020 കാലയളവിൽ പദ്ധതി വിഹിതമായി 14.58 കോടി രൂപ അനുവദിച്ചതിൽ 676.27 ലക്ഷം രൂപ ഉപകരണങ്ങൾ വാങ്ങുവാനായി നീക്കി

വെച്ചിട്ടുള്ളതായി പരാമർശിച്ചിട്ടുണ്ടെങ്കിലും വകുപ്പിൽ ലഭ്യമായ പദ്ധതി വിഹിതത്തിൽ നിന്നും സി.സി.ആർ.സി.-ക്ക് ആംബുലൻസ് വാങ്ങാത്തത് അപലപനീയമാണെന്നും ആയതിനാൽ ആശുപത്രിക്കായി അടിയന്തരമായി ആംബുലൻസ് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചിരിക്കുന്നു.

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ നിലവിൽ സർക്കാർ മെഡിക്കൽ കോളേജ് ക്യാംപസിൽ മെഡിക്കൽ കോളേജിന്റെ താൽക്കാലിക കെട്ടിടത്തിലാണ് സ്ഥിതി ചെയ്യുന്നത്. സി.സി.ആർ.സി. അതിന്റെ പ്രാരംഭഘട്ടത്തിലായതിനാൽ അത്യാഹിത സർവ്വീസുകൾ മെഡിക്കൽ കോളേജുമായി ചേർന്ന് നടത്തിവരുന്നു. സ്ഥാപനം പൂർണ്ണ സജ്ജമാകുന്ന മുറയ്ക്ക് എം.പി./എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗിച്ചോ, മറ്റ് വ്യവസായ സ്ഥാപനങ്ങളുടെ സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ചോ, മറ്റ് ചാരിറ്റി സംഘടനകളിൽ നിന്നോ ആംബുലൻസ് സേവനം ലഭ്യമാക്കുക വഴി ഡ്രൈവറുടെ ശമ്പളം, ഇന്ധന ചെലവ്, മെയിന്റനൻസ് തുടങ്ങിയ ഇനത്തിലുള്ള അധിക ബാധ്യത ഒഴിവാക്കുന്ന രീതിയിലേക്ക് സ്ഥാപനത്തെ വളർത്തിയെടുക്കുക എന്നതാണ് പ്രാഥമിക ലക്ഷ്യം.

**<u>അധികവിവരം - 5</u>**

പ്ലാൻ ഫണ്ടിൽ വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കാത്തതും ആംബുലൻസ് വാങ്ങാതിരുന്നതും എന്തുകൊണ്ടാണെന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും സി.സി.ആർ.സി.-യ്ക്ക് അത്യാവശ്യമുള്ള ഉപകരണങ്ങൾ എത്രയും വേഗം വാങ്ങുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചിരിക്കുന്നു.

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ നിലവിൽ സർക്കാർ മെഡിക്കൽ കോളേജ് ക്യാംപസിൽ മെഡിക്കൽ കോളേജിന്റെ താൽക്കാലിക കെട്ടിടത്തിലാണ് സ്ഥിതി ചെയ്യുന്നത്. സി.സി.ആർ.സി. അതിന്റെ പ്രാരംഭഘട്ടത്തിലായതിനാൽ അത്യാഹിത സർവ്വീസുകൾ മെഡിക്കൽ കോളേജുമായി ചേർന്ന് നടത്തി വരുന്നു. സ്ഥാപനം പൂർണ്ണ സജ്ജമാകുന്ന മുറയ്ക്ക് എം.പി./എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗിച്ചോ, മറ്റ്

വ്യവസായ സ്ഥാപനങ്ങളുടെ സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ചോ, മറ്റ് ചാരിറ്റി സംഘടനകളിൽ നിന്നോ ആംബുലൻസ് സേവനം നിയോഗിക്കുക വഴി ഡ്രൈവറുടെ ശമ്പളം, ഇന്ധന ചെലവ്, മെയിന്റനൻസ് തുടങ്ങിയ ഇനത്തിലുള്ള അധിക ബാധ്യത ഒഴിവാക്കുന്ന രീതിയിലേക്ക് സ്ഥാപനത്തെ വളർത്തിയെടുക്കുക എന്നതാണ് പ്രാഥമിക ലക്ഷ്യം. അടിയന്തര പ്രാധാന്യമുള്ള ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ. മുഖേന ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി മതിയായ മാനവവിഭവശേഷി വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, പ്രവർത്തന പുരോഗതി ഡയറക്ടർ തലത്തിൽ വാരാന്ത്യങ്ങളിലും, സ്പെഷ്യൽ ഓഫീസർ മാസാന്ത്യ തലത്തിലും, കിഫ്ബിയുടെ ടെക്നിക്കൽ അഡ്വൈസർ ഒന്നരമാസത്തിനിടയിലും യോഗങ്ങൾ നടത്താറുണ്ട്. കൂടാതെ രണ്ടാഴ്ച കൂടുമ്പോൾ കളക്ടറുടെ മേൽ നോട്ടത്തിൽ കെട്ടിട നിർമ്മാണ പുരോഗതി വിലയിരുത്തുന്നുണ്ട്.

തിരുവനന്തപുരം,
2025 മാർച്ച് 25

**കെ.കെ.ശൈലജ ടീച്ചർ,**
ചെയർപേഴ്സൺ,
എസ്റ്റിമേറ്റ്സ് കമ്മിറ്റി.